# Athmaraksha.org

തകർച്ചയുടെ വഴികൾ

## തെറ്റായ മാർഗ്ഗത്തിലൂടെ പണം സമ്പാദിക്കുന്നത്




അനായാസമായി നേടിയസമ്പത്തു ക്ഷയിച്ചുപോകും; അൽപ്പാൽപ്പമായി കരുതിവയ്ക്കുന്നവൻ അതു വർധിപ്പിച്ചുകൊണ്ടിരിക്കും (സുഭാഷിതങ്ങൾ 13:11).
വ്യാജംകൊണ്ടു നേടിയ ധനത്തിൽ ആശ്രയിക്കരുത്; ആപത്തിൽ അത് ഉപകരിക്കുകയില്ല (പ്രഭാഷകൻ 5:8).

അനർഥങ്ങളെത്തിപ്പിടിക്കാതിരിക്കാൻ ഉന്നതത്തിൽ കൂടുകൂട്ടേണ്ടതിന്, തന്റെ കുടുംബത്തിനുവേണ്ടി അന്യായമായി ധനം നേടുന്നവനു ഹാ! കഷ്ടം. പല ജനതകളെയും നശിപ്പിച്ച് നീ നിന്റെ ഭവനത്തിന് അപമാനം വരുത്തിവച്ചു; നിന്റെ ജീവൻ നഷ്ടപ്പെടുത്തി (ഹബക്കുക്ക് 2:9-10).

സമ്പത്തിൻമേൽ കണ്ണുവയ്ക്കുമ്പോഴേക്കും അത് അപ്രത്യക്ഷമാകും; കഴുകനെപ്പോലെ ചിറകുവച്ച് ആകാശത്തിലേക്കു പെട്ടെന്ന് അതു പറന്നുപോകും (സുഭാഷിതങ്ങൾ 23:5).
മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത് (ലൂക്കാ 12:15).

ഉള്ളതുകൊണ്ടു തൃപ്തിപ്പെടുന്നവന് ദൈവഭക്തി വലിയൊരു നേട്ടമാണ്. കാരണം, നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടുവന്നില്ല. ഇവിടെനിന്ന് ഒന്നും ഒന്നും കൊണ്ടുപോകാനും നമുക്കു സാധിക്കുകയില്ല. ഭക്ഷണവും വസ്ത്രവുമുണ്ടെങ്കിൽ അതുകൊണ്ട് നമുക്കു തൃപ്തിപ്പെടാം. ധനവാന്മാരാകണമെന്ന് ആഗ്രഹിക്കുന്നവർ പ്രലോഭനത്തിലും കെണിയിലും, മനുഷ്യനെ അധഃപതനത്തിലേക്കും നാശത്തിലേക്കും തള്ളിയിടുന്ന നിരവധി വ്യാമോഹങ്ങളിലും നിപതിക്കുന്നു. എന്തെന്നാൽ, ധനമോഹമാണ് എല്ലാതിന്മകളുടെയും അടിസ്ഥാനകാരണം. ധനമോഹത്തിലൂടെ പലരും വിശ്വാസത്തിൽനിന്നു വ്യതിചലിച്ചുപോകാനും ഒട്ടേറെ വ്യഥകളാൽ തങ്ങളെത്തന്നെ മുറിപ്പെടുത്താനും ഇടയുണ്ട് (1 തിമോത്തേയോസ് 6:6-10).

കള്ളൻമാരും അത്യാഗ്രഹികളും മദ്യപൻമാരും പരദൂഷകരും കവർച്ചക്കാരും ദൈവരാജ്യം അവകാശമാക്കുകയില്ല (1 കോറിന്തോസ് 6:10).
അവൻ അവരോടു പറഞ്ഞു: ജാഗരൂകരായിരിക്കുവിൻ. എല്ലാ അത്യാഗ്രഹങ്ങളിലും നിന്ന് അകന്നിരിക്കുകയും ചെയ്യുവിൻ. മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യ മാകുന്നത് (ലൂക്കാ 12:15).

നിങ്ങളുടെ ജീവിതം ദ്രവ്യാഗ്രഹത്തിൽനിന്നു സ്വതന്ത്രമായിരിക്കട്ടെ. ഉള്ളതുകൊണ്ടു തൃപ്തിപ്പെടുവിൻ. ഞാൻ നിന്നെ ഒരു വിധത്തിലും അവഗണിക്കുകയോ ഉപേക്ഷിക്കുകയോ ഇല്ല എന്ന് അവിടുന്നു പറഞ്ഞിട്ടുണ്ടല്ലോ (ഹെബ്രായർ 13:5).